"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വനിത ശിശു വികസന വകുപ്പ് - കൊല്ലം ചിൽഡ്രൻസ് ഹോം കെട്ടിടത്തിന്റെ ഇലക്ട്രിക്കൽ മെയിന്റനൻസ്, ഓഫീസ് ക്യാബിൻ നിർമ്മാണം എന്നീ പ്രവൃത്തികൾ ചെയ്യുന്നതിന് തുക വിനിയോഗിക്കുന്നതിനു അനുമതി നൽകി ഉത്തരവാകുന്നു.

---

**വനിത ശിശു വികസന (സി) വകുപ്പ്**

സ.ഉ.(സാധാ) നം.334/2025/WCDD തീയതി,തിരുവനന്തപുരം, 17-07-2025

---

പരാമർശം:-
1. 13 /11/ 2019 ലെ സ.ഉ(സാധാ) നം 724/2019/സ.നീ.വ
2. വനിത ശിശു വികസന ഡയറക്ടറുടെ 13-06-2025 ലെ DWCD/741/2022-PC3 നമ്പർ കത്ത്.

**ഉത്തരവ്**

വനിത ശിശു വികസന വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന കൊല്ലം ചിൽഡ്രൻസ് ഹോമിന്റെ അറ്റകുറ്റപ്പണികൾക്കായി 32,59,000/-രൂപയുടെ ഭരണാനുമതി പരാമർശം (1) പ്രകാരം നൽകിയിരുന്നു. പ്രസ്തുത പ്രവൃത്തിയുടെ ധനവിനിയോഗ സാക്ഷ്യപത്രം പ്രകാരം കൊല്ലം ചിൽഡ്രൻസ് ഹോം നവീകരണത്തിനായി 27,43,051/- രൂപ ചെലവാകുകയും 5,15,949/- രൂപ അവശേഷിക്കുകയും ചെയ്യുന്നുണ്ട് എന്നും ഭരണാനുമതി നൽകിയ പ്രവൃത്തികളിൽ ഉൾപ്പടാതിരുന്ന ഓഫീസ് ക്യാബിൻ നിർമ്മിക്കുന്നതിനായി 3,75,500/-രൂപയുടെയും ഇലക്ട്രിക്കൽ മെയിന്റനൻസിനായി 1,40,000/- രൂപയുടെയും എസ്റ്റിമേറ്റുകൾ കൊല്ലം ചിൽഡ്രൻസ് ഹോം സൂപ്രണ്ട് ലഭ്യമാക്കിയതിനാൽ പ്രസ്തുത പ്രവൃത്തികൾക്കായി ആകെ 5,15,500/- രൂപ അവശേഷിക്കുന്ന തുകയായ 5,15,949/- രൂപയിൽ നിന്നും വിനിയോഗിക്കുന്നതിന് അനുമതി നൽകണമെന്ന് ഡയറക്ടർ പരാമർശം (2) പ്രകാരം അഭ്യർത്ഥിച്ചിരിക്കുന്നു.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കൊല്ലം ചിൽഡ്രൻസ് ഹോമിന്റെ അറ്റകുറ്റപ്പണികൾക്കായി പരാമർശം (1) പ്രകാരം ഭരണാനുമതി നൽ കിയതിൽ അവശേഷിക്കുന്ന തുകയായ 5,15,949/-രൂപയിൽ നിന്നും, 5,15,500/-രൂപ(അഞ്ചു ലക്ഷത്തി പതിനയ്യായിരത്തി അഞ്ഞൂറ് രൂപ) ഹോമിന്റെ ഇലക്ട്രിക്കൽ മെയിന്റനൻസ്, ഓഫീസ് ക്യാബിൻ നിർമ്മാണം എന്നീ പ്രവൃത്തികൾ ചെയ്യുന്നതിനായി വിനിയോഗിക്കുന്നതിനു അനുമതി നൽകി ഉത്തരവ്വ പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സന്തോഷ് കുമാർ.റ്റി.കെ.
അഡീഷണൽ സെക്രട്ടറി

പകർപ്പ്-
വനിതശിശു വികസന വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി &എസ്.എസ്.എ/എ&ഇ)

ധനകാര്യ വകുപ്പ്
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂമീഡിയ വിഭാഗം) വകുപ്പ്
കരുതൽ ശേഖരം/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Hena. R Raj
സെക്ഷൻ ഓഫീസർ
Date: 18-07-2025 10:31:39